പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2393.** 08.07.2015 ന് മറുപടിയ്ക്ക്.

## കാസർഗോഡ് ഐ.ടി.ഐ. യിലെ ഒഴിവുകൾ

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്:

(എ) കാസർഗോഡ് ഐ.ടി.ഐ യിൽ എത്ര തസ്തികകളാണ് നിലവിൽ ഉള്ളത് ; ഈ തസ്തികകളിൽ എല്ലാം നിയമനം നടന്നിട്ടുണ്ടോയെന്നും ഒഴിവുള്ള തസ്തികകൾ ഉണ്ടോയെന്നും അറിയിക്കുമോ ; എങ്കിൽ പ്രസ്തുത ഒഴിവുകൾ എന്ന് നികത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

ഉത്തരം

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) കാസർഗോഡ് ഐ.ടി.ഐ.യിൽ നിലവിലുള്ള തസ്തിക, ഒഴിവ് എന്നിവ ചുവടെ ചേർക്കുന്നു.

| നം. | തസ്തിക | എണ്ണം | ഒഴിവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | 1 | 1 | ജൂലൈ 2015-ൽ നികത്താനാകും |
| 2 | ജൂനിയർ സൂപ്രണ്ട് | 1 | - | |
| 3 | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 4 | - | |
| 4 | എൽ.ഡി ടൈപ്പിസ്റ്റ് | 1 | 1 | അംഗപരിമിതർക്കായി സംവരണം. പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു |
| 5 | സ്റ്റോർ അറ്റൻഡർ | 1 | - | |
| 6 | ഫാർമസിസ്റ്റ് | 1 | - | |
| 7 | ഡ്രൈവർ | 1 | - | |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 | - | |
| 9 | വാച്ച്മാൻ | 4 | - | |
| 10 | ഫുൾ ടൈം സ്വീപ്പർ | 3 | 1 | |
| 11 | സെലക്ഷൻ ഗ്രേഡ് സ്റ്റോർ കീപ്പർ | 1 | - | |
| 12 | പ്രിൻസിപ്പാൾ-I | 1 | 1 | പ്രിൻസിപ്പൾ -I തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് DPC തയ്യാറാക്കിയിട്ടുണ്ട്. നിയമനം ഉടൻ നടത്തുന്നതാണ്. |
| 13 | പ്രിൻസിപ്പാൾ - II | 1 | - | - |
| 14 | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 2 | - | - |

| | | | | |
|---|---|---|---|---|
| 15 | വർക്ക്ഷോപ്പ് അറ്റൻഡർ | 3 | 1 | ഒഴിവിലേയ്ക്ക് പ്രമോഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

കാസർഗോഡ് ഐ.ടി.ഐ.- യിൽ ചുവടെ ചേർക്കുന്ന ട്രേഡുകളിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾ നിലവിലുണ്ട്.

1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ
2. ഇലക്ട്രീഷ്യൻ
3. മെക്കാനിക് മോട്ടോർ വെഹിക്കിൾ
4. ഡേറ്റാ എൻട്രി ഓപ്പറേറ്റർ
5. മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ
6. സർവ്വേയർ
7. സ്റ്റെനോഗ്രാഫി
8. നെറ്റ് വർക്ക് ടെക്നീഷ്യൻ
9. ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ്
10. ഡ്രൈവർ കം മെക്കാനിക്
11. ഇൻഫർമേഷൻ ടെക്നോളജി
12. അഡ്വാൻസ്ഡ് മോഡ്യൂൾ
13. മെക്കാനിക്ക് ഡീസൽ

ടി തസ്തികകളിൽ ഇലക്ട്രീഷ്യൻ, മെക്കാനിക് ഡീസൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ ട്രേഡുകൾ ഒഴികെ ബാക്കി ഒന്നിനും സ്ഥിരം ജീവനക്കാരില്ല. നിലവിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ പി.എസ്.സി. നിയമന ശിപാർശ വന്നിട്ടുള്ളതിനാൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡുകളിലെ രണ്ട് ഒഴിവുകൾ ഉടൻ നികത്തുന്നതാണ്. ഡേറ്റാ എൻട്രി ഓപ്പറേറ്റർ, മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ, ഡ്രൈവർ കം മെക്കാനിക്, നെറ്റ് വർക്ക് ടെക്നീഷ്യൻ എന്നീ തസ്തികകൾ നിലനിൽക്കുന്നുണ്ടെങ്കിലും റീവാംബിംഗിന്റെ ഭാഗമായതിനാൽ ഈ തസ്തികകളിൽ സ്ഥിരം ജൂനിയർ ഇൻസ്ട്രക്ടറുടെ നിയമനം നടന്നിട്ടില്ല. ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ഗസ്റ്റ് ലക്ചറർ നിയമനം വഴിയും നികത്തി വരുന്നു.

പി.എസ്.സി. റാങ്ക് ലിസ്റ്റ് വരുന്ന മുറയ്ക്ക് മറ്റ് ട്രേഡുകളിലെ ഒഴിവുകൾ നികത്തുന്നതാണ്.

(ബി) കാസർഗോഡ് ഐ.ടി.ഐ യിൽ സ്ഥിരം പ്രിൻസിപ്പൽ ഉണ്ടോ ; ഇല്ലെങ്കിൽ പുതിയ പ്രിൻസിപ്പലിനെ എപ്പോൾ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള പ്രമോഷനായി ഡി.പി.സി. കൂടി യോഗ്യരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ഉടൻ നിയമിക്കുന്നതാണ്.

(സി) കാസർഗോഡ് ഐ.ടി.ഐ യിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകൾ ഉണ്ട് ; ഇവിടെ പുതിയ കോഴ്സ് അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ?

(സി) 1. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)
2. മെക്കാനിക് മോട്ടോർ വെഹിക്കിൾ
3. ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ്
4. സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്)
5. ഇലക്ട്രീഷ്യൻ
6. സർവ്വേയർ
7. മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ
8. മെക്കാനിക് ഡീസൽ
9. ഇൻഫർമേഷൻ ടെക്നോളജി സെക്ടർ

ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗ് (ഡി.ജി.ഇ.റ്റി) 2015 ആഗസ്റ്റ് മുതൽ നിർത്തൽ ചെയ്യുന്ന "മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ" എന്ന ട്രേഡിന് പകരമായി "കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്ക് മെയിന്റനൻസ്" ട്രേഡും, ഇൻഫർമേഷൻ ടെക്നോളജി സെക്ടറിന് പകരം താഴെപ്പറയുന്ന ട്രേഡുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്ക് മെയിന്റനൻസ്
2. ഡാറ്റാ ബേസ് സിസ്റ്റം അസിസ്റ്റന്റ്
3. സോഫ്റ്റ് വെയർ ടെസ്റ്റിംഗ് അസിസ്റ്റന്റ്
4. ഇലക്ട്രീഷ്യൻ.

സെക്ഷൻ ഓഫീസർ